# തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയം

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി ചേരിതിരിഞ്ഞു നടത്തുന്ന പൊള്ളയായ വാഗ്വാദങ്ങൾ മാത്രമായി രാഷ്ട്രീയം അധഃപതിച്ച സാഹചര്യത്തിൽ ശരിയായ രാഷ്ട്രീയം ഉയർന്നുവരേണ്ടത് എങ്ങിനെയാണെന്ന കേരളീയം സംവാദം തുടരുന്നു**

## തദ്ദേശ സ്വയംഭരണത്തിന് അർത്ഥമേകാൻ

# ജനങ്ങൾ സംസാരിച്ചു തുടങ്ങുക

**അടിമുടി കേന്ദ്രീകൃതമായ രാഷ്ട്രീയ സംവിധാനത്തിലെ ദുർബലകണ്ണിയാവുകയല്ല ത്രിതല പഞ്ചായത്തുകളുടെ രാഷ്ട്രീയധർമ്മം. കേന്ദ്രീകൃത അധികാരത്തെ നിയന്ത്രിക്കുന്ന ജനകീയ ഭരണകൂടങ്ങൾ ആകേണ്ട ത്രിതലപഞ്ചായത്തുകളുടെ രാഷ്ട്രീയ പ്രാധാന്യം മനസ്സിലാക്കാത്തവരാണ് ഇന്നത്തെ സ്ഥാനാർത്ഥികളിൽ മഹാഭൂരിപക്ഷവും. ഇവർ ജനങ്ങൾക്കു നൽകുന്ന വാഗ്ദാനം ജനങ്ങളുടെ ശാക്തീകരണമല്ല, വികസനം മാത്രമാണ്. തിരഞ്ഞെടുപ്പിന്റെ രാഷ്ട്രീയത്തെക്കുറിച്ച്**

**സണ്ണി പൈകട**

ആസന്നമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത് പുതുമയുള്ള കാര്യങ്ങളൊന്നുമല്ല.അപൂർവ്വം ചില സ്ഥലങ്ങളിൽ സ്വതന്ത്ര സ്ഥാനാർദ്ധികൾ ഉയർത്തുന്ന ഗൗരവമുള്ള ചില മുദ്രാവാക്യങ്ങൾ,ചില ജനകീയ പ്രസ്ഥാനങ്ങൾ നടത്തുന്ന ദുർബ്ബലമായ ഇടപെടലുകൾ തുടങ്ങിയവയൊക്കെ മാറ്റിനിർത്തിയാൽ കാണുന്നതെല്ലാം പതിവുനാടകങ്ങൾ മാത്രം. രാഷ്ട്രീയകക്ഷികളിലെ സ്ഥാനാർത്ഥി നിർണ്ണയ കശപിശകൾ, മുന്നണികളിലെ വീതംവയ്പിന്റെ അട്ടഹാസങ്ങൾ, പണത്തിന്റെയും മദ്യത്തിന്റെയും വർഗ്ഗീയതയുടെയും പിന്നാമ്പുറ വർത്തമാനങ്ങൾ തുടങ്ങിയവയെല്ലാം ഇത്തവണയും പതിവുതെറ്റാതെ നടക്കുന്നു. പൊതുവിൽ രാഷ്ട്രീയകക്ഷികൾ അരങ്ങുനിറഞ്ഞാടുന്നു.ജനങ്ങൾ കാഴ്ചക്കാരാകുന്നു.


ഇങ്ങനെ കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ നടക്കുന്നതിന്റെ യുക്തി എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിൽ പ്രത്യേകമായ സാമ്പത്തിക-രാഷ്ട്രീയ നയപരിപാടികളുടെ മത്സരങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത്. എല്ലാ രാഷ്ട്രീയകക്ഷികളുടെയും സാമ്പത്തിക-രാഷ്ട്രീയ നയപരിപാടികൾക്കിടയിലെ അതിർവരമ്പുകൾ മാഞ്ഞുതുടങ്ങിയെങ്കിലും, ഈ ഇല്ലാത്ത വ്യത്യസ്ത നയപരിപാടികളുടെ പേര്പറഞ്ഞുകൊണ്ടാണല്ലോ ഇത്രയും രാഷ്ട്രീയകക്ഷികൾ നിലനിൽക്കുന്നത്. കേന്ദ്ര സംസ്ഥാന രണകൂടങ്ങൾക്ക് ഭരണനിർവ്വഹണവും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ദൗത്യങ്ങളുള്ളതിനാൽ പേരിനെങ്കിലും വ്യത്യസ്തതയുള്ള നയപരിപാടികൾ തമ്മിലുള്ള മത്സരത്തിന് ഒരു രാഷ്ട്രീയയുക്തിയുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് ജനങ്ങൾക്ക് ഒരുപരിധിവരെയെങ്കിലും ജനാധിപത്യം അനുഭവവേദ്യമാക്കുക എന്നതാണ്. സ്വയംഭരണം എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത് അതാണ്. അഞ്ചാണ്ടുകൂടുമ്പോൾ ചൂണ്ടുവിരലിൽ മഷിപുരട്ടുന്നതിൽ ഒതുങ്ങുന്നതല്ല ജനാധിപത്യം.പൗരൻമാരാണ് ജനാധിപത്യത്തിൽ അധികാരത്തിന്റെ പ്രഭവസ്ഥാനം. ഈ രാജ്യത്തിന്റെ ഉടമകളായ പൗരസമൂഹത്തിന് സ്വയംഭരണം അനുഭവവേദ്യമാകേണ്ടത് അവരുടെ സമീപസ്ഥമായ ഭ

രണകൂടങ്ങളിലൂടെയാണ്ജനങ്ങളുടെ ഭാഗമായിപ്രവർത്തിക്കുന്ന ജനപ്രതി നിധികളും ജനപങ്കാളിത്തത്തോടെ യും നിയന്ത്രണത്തോടെയും നടക്കു ന്ന ഭരണപ്രക്രിയകളും പഞ്ചായത്ത് ഭരണകൂടങ്ങളിൽ ഉണ്ടായാൽ മാത്ര മെ അവയെ ജനങ്ങളുടെ സ്വയംഭര ണസ്ഥാപനങ്ങൾ എന്ന് വിശേഷിപ്പി ക്കാനാവു. പഞ്ചായത്ത് ഭരണകൂടം കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിലാ കുമ്പോൾ സംഭവിക്കുത് ജനങ്ങൾ പ ടിക്കുപുറത്താവുക എന്നതാണ്.

ഒരു സമൂഹത്തിൽ ജനാധിപത്യം നിലനിൽക്കാൻ ജനങ്ങളും ഭരണകൂ ടങ്ങളുംതമ്മിൽ സമാധാനപരമായ സംഘർഷം നിരന്തരം നടക്കേണ്ടതു ണ്ട്. ഈ സംഘർഷം രാഷ്ട്രീയപ്ര ക്രിയകൾക്കുള്ളിൽ ഒരുഅന്തർധാര യായി നിലനിൽക്കണം. ഈ സംഘർ ഷത്തിലൂടെയെ ഭരണകൂടങ്ങളെ ജ നങ്ങളോട് വിധേയത്വം പുലർത്തുന്ന വരായി നിലനിർത്താൻ കഴിയുകയു ള്ളു. ജനാധിപത്യത്തിൽ ഭരണകൂട ങ്ങളുടെ സൗജന്യങ്ങൾ എന്നനിലയി ലല്ല ജനങ്ങളുടെ അവകാശങ്ങൾ അംഗീകരിച്ചുകിട്ടേണ്ടത്. ജനങ്ങളു ടെ ജാഗ്രതയും, അവകാശബോധ വും,രാഷ്ട്രീയഅധികാരബോധവും മൂലം ഭരണകൂടം ജനപക്ഷത്ത് നിൽ ക്കാൻ നിർബന്ധിതമാവുകയാണ്വേ ണ്ടത്. ഭാവിതലമുറയുടെപോലും ജീ വിതത്തെ സ്വാധീനിക്കുന്ന നയങ്ങൾ ക്കും നിയമങ്ങൾക്കും എല്ലാമിന്ന് കേ ന്ദ്ര-സംസ്ഥാന ഭരണകൂടങ്ങളാണ് രൂ പംനൽകുന്നത്. ആ ഭരണകൂടങ്ങൾ ക്കുമേൽ ജനങ്ങൾക്കുണ്ടാവേണ്ട നി യന്ത്രണത്തിനും സ്വാധീനത്തിനുമായി നടക്കേണ്ട അധികാര സംഘർഷ ത്തിൽ, ജനങ്ങളുടെ കൈകളിലെ ഭ രണഘടനാപരമായ ഉപകരണമായി വികസിക്കേണ്ടവയാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ. അതിനുള്ള രാ ഷ്ട്രീയഅവസരമാണ് പഞ്ചായത്ത് ഭ രണം കക്ഷിരാഷ്ട്രീയാടിസ്ഥാനത്തി ലാകുമ്പോൾ തടയപ്പെടുന്നത്.

പഞ്ചായത്ത് ഭരണസമിതികൾ രാ ഷ്ട്രീയകക്ഷികളുടെ വിധേയൻമാ രാൽ നിറയപ്പെടുമ്പോൾ എങ്ങനെ യാണ് പഞ്ചായത്ത് ഭരണം സ്വയംഭ രണത്തിന്റെ ദിശയിൽനിന്ന് വഴിമാറി പ്പോകുന്നതെന്ന് വിശദമായി വിലയി രുത്തപ്പെടേണ്ടതാണ്. ഇവിടെ അതി ന് ശ്രമിക്കുന്നില്ല. പുതിയപഞ്ചായ ത്തീരാജ് സംവിധാനങ്ങൾ നിലവിൽ വന്നതിനു ശേഷമുള്ള ഒന്നരപ്പതിറ്റാ ണ്ട് കാലത്തെ അനുഭവങ്ങളിൽ ചി ലത് ചൂണ്ടിക്കാണിക്കാൻ മാത്രമാണി വിടെ ശ്രമിക്കുന്നത്. ഗ്രാമപഞ്ചായ ത്തുകൾക്കും നഗരസഭകൾക്കും ആ ദ്യം നൽകിയിരുന്ന അധികാരങ്ങളിൽ ചിലത് പിൻവലിക്കപ്പെട്ട അനുഭവം ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്ഒരുപ്ര ദേശത്ത് മദ്യഷാപ്പ് അനുവദിക്കുന്ന ത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തു കൾക്കും നഗരസഭകൾക്കും മുമ്പ് അ ധികാരമുണ്ടായിരുന്നു.ആ അധികാര മുപയോഗിച്ച്, ജനങ്ങളുടെ-പ്രത്യേകി ച്ച് സ്ത്രീകളുടെ-പ്രതിഷേധത്തിന്റെ ഫലമായി പലസ്ഥലങ്ങളിലും മദ്യശാ ലകൾ അടച്ചുപൂട്ടാൻ പഞ്ചായത്ത്- നഗരസഭ ഭരണ സമിതികൾ നടപടി സ്വീകരിച്ച്തുടങ്ങിയപ്പോൾ ആ അ ധികാരം സംസ്ഥാനസർക്കാർ പഞ്ചാ യത്തുകളിൽനിന്ന് എടുത്തുമാറ്റി.വള രെപ്രകടമായി അബ്കാരികളെ സ ഹായിക്കാനും മദ്യമെന്ന സാമൂഹിക തിൻമയെ പ്രോത്സാഹിപ്പിക്കാനുമാ യി സർക്കാർസ്വീകരിച്ച ആ നീചന ടപടിമൂലം സ്വന്തം അധികാരം പരി മിതപ്പെട്ട പഞ്ചായത്ത്-നഗരസഭ ഭര ണസമിതികളിൻ ഒന്നുപോലും സം സ്ഥാനസർക്കാറിനെതിരെ പ്രതിഷേ ധസ്വരമുയർത്താൻ തയ്യാറായില്ല.പ ഞ്ചായത്ത് പ്രസിഡണ്ടുമാരുടെ സം ഘടനപോലും ഇക്കാര്യത്തിൽ അന്ന് നിശബ്ദത പുലർത്തുകയാണുണ്ടാ യത്. രാഷ്ട്രീയ വിധേയത്വം മൂലം, തങ്ങളുടെ മേലാളൻമാരോട് തങ്ങൾ ക്ക് അധികാരം തിരിച്ചുതരു എന്ന് നി വർന്ന്പറയാൻ പഞ്ചായത്ത് ഭരണസ മിതി അംഗങ്ങൾക്ക് കെൽപ്പില്ലാതെ പോയ ദയനീയചിത്രമാണ് അന്നു നാം കണ്ടത്. കേന്ദ്ര സംസ്ഥാന ഭര ണകൂടങ്ങളുടെ നിയന്ത്രണത്തിലുള്ള തും രാഷ്ട്രീയകക്ഷികളുടെ നേതൃ ത്വത്തിൽ സുസംഘടിതവുമായ ഉ ദ്യോഗസ്ഥപ്പടയുടെ അവഗണനയും

**കാർട്ടൂൺ** **കെ.ബി. മധുസൂധനൻ**



പരിഹാസവും നിയന്ത്രണവും സഹിച്ചുകൊണ്ടാണ് പാവം വിധേയൻമാർ പഞ്ചായത്ത് ഭരണം നടത്തുന്നതെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. ജനപക്ഷത്തുനിന്നുകൊണ്ട് പഞ്ചായത്ത് രണം നടത്താൻ ഈ ഉദ്യോഗസ്ഥ സംവിധാനത്തെ നിയന്ത്രിക്കാനുള്ള അധികാരം ലഭിക്കണമെന്ന ഉറച്ച നിലപാടെടുക്കാൻ എന്തുകൊണ്ടാണ് പഞ്ചായത്ത്ഭരണസമിതി അംഗങ്ങൾക്ക് ഇതുവരെ കഴിയാത്തത് എന്നാലോചിക്കുമ്പോഴും കക്ഷി രാഷ്ട്രീയ വിധേയത്വത്തിന്റെ നാണംകെട്ട മറ്റൊരുചിത്രം തന്നെയാണ് മുമ്പിൽ വരിക. ഭരണഘടനാപിൻബലമുള്ള വോട്ടർമാരുടെ ഒരേ ഒരു വേദിയാണ് ഗ്രാമസഭകൾ. ജനങ്ങളുടെ രാഷ്ട്രീയ ശാക്തീകരണം നടക്കേണ്ട വേദികളാണ് ഗ്രാമസഭകൾ.അവയെ നിർവീര്യമാക്കാനുള്ള നീക്കങ്ങളാണ് രാഷ്ട്രീയകക്ഷികളുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പ്രേരണയോടെ ഈ വിധേയൻമാർ കഴിഞ്ഞ ഒന്നര പതിറ്റാണ്ടിനുള്ളിൽ നടത്തിയിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ വിസ്താര ഭയത്താൽ ഇവിടെ പ്രതിപാദിക്കുന്നില്ല.

ഇങ്ങനെ, സ്വന്തം അധികാരങ്ങൾ മനസിലാക്കി അവ ജനപക്ഷത്ത് നിന്നുകൊണ്ട് ഉപയോഗിക്കാനോ, ഉള്ള അധികാരങ്ങൾ സംരക്ഷിക്കാനോ, കൂടുതൽ അധികാരങ്ങൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെമേൽ സമ്മർദ്ദം ചെലുത്താനോ, ജനങ്ങളുടെ രാഷ്ട്രീയ ശാക്തീകരണത്തിനുവേണ്ടി നിലകൊള്ളാനോ കഴിയാത്ത വിധേയൻമാരുടെ പഞ്ചായത്ത് ഭരണം കൊണ്ട് എന്ത് നേട്ടമാണ് ജനങ്ങൾക്കുള്ളത്? അടിമുടി കേന്ദ്രീകൃതമായ ഒരു രാഷ്ട്രീയ സംവിധാനത്തിലെ ദുർബലകണ്ണിയാവുകയല്ല ത്രിതല പഞ്ചായത്തുകളുടെ രാഷ്ട്രീയധർമ്മം. കേന്ദ്രീകൃത അധികാരത്തെ നിയന്ത്രിക്കുന്ന ജനകീയ ഭരണകൂടങ്ങൾ ആകേണ്ട ത്രിതലപഞ്ചായത്തുകളുടെ രാഷ്ട്രീയ പ്രാധാന്യം മനസ്സിലാക്കാത്തവരാണ് ഇന്നത്തെ സ്ഥാനാർത്ഥികളിൽ മഹാഭൂരിപക്ഷവും. രാഷ്ട്രീയകക്ഷികളുടെ നോമിനികളായ സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജനങ്ങൾക്കു നൽകുന്ന വാഗ്ദാനം ജനങ്ങളുടെ ശാക്തീകരണമല്ല മറിച്ച് വികസനം മാത്രമാണ്. എല്ലാകക്ഷികളുടെയും സ്ഥാനാർത്ഥികൾ പറയുന്നത് ഇത് മാത്രമാണ്. ഇവർ പറയുന്ന വികസനം മാത്രമാണ് പഞ്ചായത്തുകളുടെ ധൗത്യമെങ്കിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തെ കുറേക്കൂടി കാര്യക്ഷമമാക്കാൻ നടപടി എടുത്താൽ പോരെ? എന്തിനീ പഞ്ചായത്ത് ഭരണ പാഴ്ശ്രമങ്ങൾ.

ആസന്നമായ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശരിയായ രാഷ്ട്രീയ ബോധമുള്ള വോട്ടർമാർ ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ഉറക്കെ ചിന്തിക്കേണ്ടതാണ്. ഈ തെരഞ്ഞെടുപ്പിൽ, ചിന്തിക്കുന്ന വോട്ടർമാർ സുപ്രധാനങ്ങളായ നിരവധി ആവശ്യങ്ങൾ ഉന്നയിക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ ലഭ്യമാക്കുക, പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന അധികാരങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ സംവിധാനത്തിനുമേൽ രണസമിതിക്ക് കൂടുതൽ ഫലപ്രദമായ നിയന്ത്രണ അധികാരങ്ങൾ നൽകുക തുടങ്ങിയ ആവശ്യങ്ങൾ ജനങ്ങൾ മുന്നോട്ടുവയ്ക്കണം. മറ്റൊരു സുപ്രധാന കാര്യം, ഗ്രാമസഭകൾ ക്രമമായും, ഫലപ്രദമായും കൂടാനും അവിടെ പ്രകടമാകുന്ന ജനവികാരം അനുസരിച്ച് പഞ്ചായത്തു ഭരണം മുന്നോട്ടു കൊണ്ടുപോകാനും ഭരണസമിതികളെ നിർബന്ധിക്കുന്ന നിയമവ്യവസ്ഥകൾക്കുവേണ്ടിയും ജനങ്ങൾ മുറവിളികൂട്ടേണ്ടതാണ്. ഈ തെരഞ്ഞെടുപ്പിൽ ജനങ്ങൾ ഉയർത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട മുദ്യാവാക്യം പഞ്ചായത്തുകളെ കക്ഷിരാഷ്ട്രീയമുക്തമാക്കുക എന്നതുതന്നെയാണ്. ഇന്നത്തെ തെരഞ്ഞെടുപ്പ് രീതികൾക്ക് മാറ്റം വരുത്താൻ ഉതകുന്നതും, ആവശ്യമായി വന്നാൽ ജനപ്രതിനിധികളെ തിരികെ വിളിക്കാൻ ഉതകുന്ന വ്യവസ്ഥകൾ ഉള്ളതുമായ തെരഞ്ഞെടുപ്പ് നിയമങ്ങൾ ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഉണ്ടാകണമെന്ന ആവശ്യം ജനങ്ങളിൽ നിന്ന് ഉണ്ടാകണം. അയൽക്കൂട്ട പ്രതിനിധികൾ വഴി പഞ്ചായത്ത് ഭരണസമിതി അംഗങ്ങളെ തുറന്ന വോട്ടിംഗിലൂടെ തെരഞ്ഞെടുക്കാനും തിരികെ വിളിക്കാനും കഴിയുന്ന സംവിധാനത്തെക്കുറിച്ചുള്ള നിർദ്ദേശം മുന്നോട്ടു വയ്ക്കാവുന്നതാണ്. അയൽക്കൂട്ട പ്രതിനിധികൾ ആർക്ക് വോട്ടുചെയ്യണമെന്ന് അതാത് അയൽക്കൂട്ടം ചേർന്ന് അഭിപ്രായ സമന്വയത്തിലൂടെ തീരുമാനിക്കാവുന്നതാണ്. ജനങ്ങളെ ഭിന്നിപ്പിക്കുന്ന ഇന്നത്തെ തെരഞ്ഞെടുപ്പ് രീതികൾ ജനങ്ങളുടെ രാഷ്ട്രീയ ശാക്തീകരണം ലക്ഷ്യം വയ്ക്കുന്നില്ല. ജനങ്ങൾ ക്ഷേത്രകമ്മിറ്റികളിലും, പള്ളിയോഗങ്ങളിലും, വായനശാലകളിലുമെല്ലാം എത്രയോ കാലങ്ങളായി അഭിപ്രായ സമന്വയത്തിലൂടെ തീരുമാനങ്ങൾ എടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. അയൽക്കൂട്ടങ്ങളിലും ഇത് സാധ്യമാണ്.

നമ്മുക്കു വേണ്ടത് മാറ്റങ്ങൾക്കുവേണ്ടിയുള്ള ആഗ്രഹവും അതിനെക്കുറിച്ച് ഭാവനചെയ്യാനും, കൂട്ടായി ചർച്ച ചെയ്യാനും, നിലപാട് എടുക്കാനും, പോരാടാനുമുള്ള രാഷ്ട്രീയ ബോധമാണ്. ഇത് അരാഷ്ട്രീയവാദമല്ല. പൗരൻമാരെ രാഷ്ട്രീയമായി നിസ്സഹായരും, നിരാലംബരുമാക്കുന്ന കക്ഷിരാഷ്ട്രീയ പ്രസ്ഥാനങ്ങളാണ് ശരിയായ അർത്ഥത്തിൽ ഏറ്റവും വലിയ അരാഷ്ട്രീയ പ്രസ്ഥാനങ്ങൾ. ഈ അവബോധം ജനങ്ങളിൽ സൃഷ്ടിക്കാനുള്ള ഒരവസരമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ്.

*പരപ്പ, വള്ളിക്കടവ്, കാസർഗോഡ്*


**പുതിയ വികസനം**
**പുതിയ രാഷ്ട്രീയം**

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നഗരസഭയിലും പള്ളിക്കുന്ന് ജില്ലാ പഞ്ചായത്തിലും മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലും നവരാഷട്രീയ സഖ്യം ഇലക്ഷനിൽ സ്ഥാനാർത്ഥികളുമായി രംഗത്ത്.
ബന്ധങ്ങൾക്ക്: 9497041561

**കേരളീയം**
റേഡിയോയിലേക്ക്
ആർട്ടിസ്റ്റുകളെയും
പ്രവർത്തകരേയും
**ആവശ്യമുണ്ട്**
ബന്ധങ്ങൾക്ക്: 9446576943